I.ഇ.ബി. XIIകേരള നിയമസഭ/XII-2

**പന്ത്രണ്ടാം കേരള നിയമസഭ**

പന്ത്രണ്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 സെപ്റ്റംബർ 9, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധ ക്ഷണിക്കൽ**

(1) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള നിയമനങ്ങളിലെ സംവരണം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ നിയമനരംഗങ്ങളിൽ അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്ന് വിവിധ കമ്മീഷനുകൾ നടത്തിയ പഠനങ്ങൾ വ്യക്തമാക്കുന്നു. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന നഷ്ടപ്പെട്ട തസ്തികകൾ നികത്താൻ ഇതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല. 1958 മുതൽ കെ.എസ്.എസ്.ആർ.-ലെ 14 മുതൽ 17 വരെയുള്ള ചട്ടങ്ങൾ അനുസരിച്ചാണ് പി.എസ്.സി. നിയമന ശുപാർശയ്ക്കാവശ്യമായ റൊട്ടേഷൻ ചാർട്ട് തയ്യാറാക്കുന്നത്. കെ.എസ്.എസ്.ആർ.-ൽ സംവരണ വിഭാഗങ്ങൾക്ക് റിസർവേഷനിലും മെറിറ്റിലും നിയമിക്കുന്നതിന് അർഹതയും ക്ലെയിമും ഉറപ്പു

വരുത്തുന്നത് ചട്ടം 14 (ബി) ആണ്. സംവരണ സമുദായ ഉദ്യോഗാർത്ഥികൾക്ക് ഈ ഇരട്ട ക്ലെയിം ഒരു കാരണവശാലും നഷ്ടപ്പെടാൻ ഇട വരരുതെന്ന ചട്ടത്തിന് വിരുദ്ധമായാണ് കാര്യങ്ങൾ നടക്കുന്നത്. മെറിറ്റിന് അർഹതയുള്ള സംവരണ സമുദായ ഉദ്യോഗാർത്ഥിയെ ആദ്യം തന്നെ റിസർവേഷൻ ടേണിൽ നിയമിക്കപ്പെടുന്നതോടെ ഉദ്യോഗാർത്ഥിയുടെ മെറിറ്റ് അവസരം നഷ്ടപ്പെടുന്നു. തുടർന്ന് റാങ്ക് ലിസ്റ്റിൽനിന്നും നീക്കം ചെയ്യുന്നു. തൊട്ടടുത്ത റിസർവേഷനിലോ തുടർന്നു വരുന്ന റിസർവേഷനിലോ ഈ പിന്നോക്കക്കാരനായ ഉദ്യോഗാർത്ഥി മെറിറ്റ് ടേണിന് അർഹമാകുമ്പോൾ ഈ ലിസ്റ്റിൽനിന്ന് നേരത്തെ നീക്കം ചെയ്യപ്പെട്ടതിനാൽ ആ സ്ഥാനത്തേയ്ക്ക് താഴെയുള്ള ഓപ്പൺ മെറിറ്റുകാരൻ കടന്നു വരുന്നു. സംവരണ ഉദ്യോഗാർത്ഥിയുടെ മെറിറ്റ് അവസരം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതിനാൽ സംവരണ വിഭാഗങ്ങളുടെ കുറവ് ഔദ്യോഗിക രംഗത്ത് വർദ്ധിക്കുകയാണ്. ഈ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ടാണ് 20 യൂണിറ്റാക്കി നിയമനം നടത്തുന്ന രീതി അവസാനിപ്പിച്ച് ഓരോ സമയത്തും റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾക്ക് മെറിറ്റും സംവരണവും അനുസരിച്ച് 50:50 എന്ന അനുപാതത്തിൽ നിയമനം നടത്തണമെന്ന് ഹൈക്കോടതി വിധി പ്രസ്താവിച്ചത്. മെറിറ്റും സംവരണവും 50:50 എന്ന അനുപാതത്തിലാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് പിന്നോക്ക ക്ഷേമ സമിതിയും ജസ്റ്റിസ് രാജേന്ദ്ര ബാബു കമ്മീഷനും ശക്തമായി സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഹൈക്കോടതി വിധിക്കെതിരെ പി.എസ്.സി. സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്തിരിക്കുകയാണ്. ഓരോ സംസ്ഥാനത്തും ഭരണഘടനയെ മറികടക്കാത്ത വിധത്തിൽ അതത് ഗവൺമെന്റുകളാണ് സംവരണം തീരുമാനിക്കുന്നത്. കെ.എസ്.എസ്.ആർ-ലെ 14 മുതൽ 17 വരെയുള്ള

ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തിയോ നിയമനിർമ്മാണം നടത്തിയോ 50:50 അനുപാതത്തിൽ സംവരണം നടപ്പാക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): 1958-ലെ കെ.എസ്. എസ്.ആർ-ലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് നിലവിൽ പി.എസ്.സി. നിയമന ശുപാർശ നൽകുന്നത്. അതനുസരിച്ച് 20 യൂണിറ്റ് അടിസ്ഥാന ത്തിലാണ് റൊട്ടേഷൻ ചാർട്ട് തയ്യാറാക്കുന്നത്. ആയുർവേദ മെഡിക്കൽ ഓഫീസർ തസ്തികയിൽ പി.എസ്.സി.. നിയമനവുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതി 23-05-2008-ൽ പുറപ്പെടുവിച്ച വിധിയിൽ ഒരേ സമയത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ള യൂണിറ്റുകൾ ഇരുപതിൽ കൂടുതലാണെങ്കിൽ അവയെ ഒറ്റ യൂണിറ്റായി കണക്കാക്കി നിയമന ശുപാർശ നൽകണമെന്ന് നിർദ്ദേശിക്കുകയും അതുപ്രകാരം പി.എസ്.സി. നടപടി സ്വീകരിക്കുകയും ചെയ്തു. അതിനുശേഷം 11-11-08-ലെ ഹൈക്കോടതി വിധിക്കെതിരെ എൻ.എസ്.എസ്സും പി.എസ്.സി.യും സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്തപ്പോൾ ഹൈക്കോടതി വിധി റദ്ദു ചെയ്തുകൊണ്ടും നിലവിലുള്ള കെ.എസ്.എസ്.ആർ ചട്ടങ്ങളനുസരിച്ച് നിയമന ശുപാർശ നടത്താൻ സുപ്രീംകോടതി ഉത്തരവിട്ടു. ജസ്റ്റിസ് രാജേന്ദ്ര ബാബു കമ്മീഷൻ 30-06-09-ൽ സർക്കാറിന് ലഭ്യമാക്കിയ കെ.എസ്.എസ്.ആർ. ചട്ടം 14-ന്റെ ഭേദഗതിക്കുള്ള ശുപാർശകൾ അടങ്ങിയ റിപ്പോർട്ട് പരിഗണിച്ചുകൊണ്ട് ആവശ്യമായ തീരുമാനമെടുക്കുന്നതാണ്.

(2) <u>കേന്ദ്ര ഭക്ഷ്യ സുരക്ഷാ നിയമം</u>

<u>ശ്രീ. പി. ജയരാജൻ:</u> സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായം തകർക്കാനിടയാക്കുന്നതും സംസ്ഥാന താൽപ്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതുമായ കേന്ദ്ര ഭക്ഷ്യ സുരക്ഷാ നിയമം മൂലം സംസ്ഥാനം നേരിടുന്ന പ്രതിസന്ധി പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. രാജ്യത്താകമാനം നിത്യോപയോഗസാധനങ്ങളുടെ വില 12 മുതൽ 20 ശതമാനം വരെ വർദ്ധിച്ചു. നെല്ലുൽപ്പാദനമുള്ള സംസ്ഥാനങ്ങളിൽപ്പോലും അരിയുടെ വില വർദ്ധിച്ചിരിക്കുകയാണ്. പച്ചക്കറി, പയർവർഗ്ഗങ്ങൾ എന്നിവയുടെ വില ഇരട്ടിയിലധികമായി. വരൾച്ച കാരണം രാജ്യം ഗുരുതരമായ ഭക്ഷ്യ പ്രതിസന്ധിയെ അഭിമുഖീകരിക്കുന്ന സാഹചര്യത്തിലാണ് കേന്ദ്രം ഭക്ഷ്യ സുരക്ഷാ നിയമത്തിന് നീക്കം നടത്തിയത്. വിലക്കയറ്റം ഉണ്ടാകാൻ കാരണം കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങളാണ്. ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനു മുമ്പുതന്നെ കേന്ദ്ര ഗവൺമെന്റ് പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിപ്പിച്ചു. സംസ്ഥാനത്തിന് നൽകി വന്നിരുന്ന അരിയുടെ വിഹിതം വെട്ടിക്കുറച്ചു. പഞ്ചസാര കയറ്റുമതി ചെയ്യുന്നതിന് അനുമതി കൊടുത്തതിന്റെ ഫലമായി വിലക്കയറ്റമുണ്ടായിരിക്കുകയാണ്. കേന്ദ്രഗവൺമെന്റ് നിശ്ചയിക്കുന്ന ബി.പി.എൽ. വിഭാഗത്തിന് മാത്രമായി റേഷൻ നിജപ്പെടുത്തി. സംസ്ഥാന സർക്കാരിന്റെ കണക്കനുസരിച്ച് 32 ലക്ഷം ബി.പി.എൽ. കുടുംബങ്ങളുണ്ടെങ്കിൽ കേന്ദ്രഗവൺമെന്റിന്റെ കണക്കനുസരിച്ച് അത് 12 ലക്ഷം മാത്രമാണ്. രാജ്യത്തെ കോർപ്പറേറ്റുകൾക്ക് നികുതിയിളവുകൾ നൽകുമ്പോഴും സംസ്ഥാനങ്ങൾക്കു നൽകിവരുന്ന ഭക്ഷ്യ സബ്സിഡി എടുത്തു കളയാനാണ് കേന്ദ്ര പ്ലാനിംഗ് കമ്മിഷൻ നിർദ്ദേശിച്ചിരിക്കുന്നത്.

കേന്ദ്ര ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിൽ നിന്നും കേന്ദ്ര സർക്കാരിനെ പിന്തിരിപ്പിക്കാൻ ശക്തമായ സമ്മർദ്ദം ചെലുത്തണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): കേന്ദ്ര ഭക്ഷ്യസുരക്ഷ നിയമത്തിന്റെ കരട് നിർദ്ദേശം അംഗീകരിക്കുകയാണെങ്കിൽ സംസ്ഥാനത്തെ പൊതു വിതരണ സമ്പ്രദായം ഗുരുതരമായ പ്രതിസന്ധിയിലാകുകയും ആ നിയമം നടപ്പിലാക്കുന്നതുവഴി ബി. പി. എൽ. വിഭാഗത്തിൽപ്പെട്ടവരുടെ റേഷൻ വിതരണം പരിമിതപ്പെടുകയും ചെയ്യും. പ്ലാനിംഗ് കമ്മീഷന്റെ കണക്കനുസരിച്ചുള്ള കുടുംബങ്ങളെ മാത്രമേ ബി. പി. എൽ. വിഭാഗമായി അംഗീകരിക്കുകയുള്ളൂ. നിലവിലുള്ള ബി.പി.എൽ. കുടുംബങ്ങളിൽനിന്ന് 5 ലക്ഷം കുടുംബങ്ങൾ ഒഴിവാകപ്പെടുകയും ബി. പി. എൽ. കുടുംബങ്ങൾക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന 35 കിലോ ഭക്ഷ്യധാന്യം 25 കിലോ ആയി കുറയുകയും ചെയ്യും. കൂടാതെ ഓരോ വർഷവും ബി. പി. എൽ. ലിസ്റ്റ് പുതുക്കുന്നതിന് കേന്ദ്ര സർക്കാർ തീരുമാനിക്കുകയാണെങ്കിൽ സംസ്ഥാന സർക്കാരിന് വൻസാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കേണ്ടിയും വരും. ബി. പി. എൽ., എ.എ.വൈ. വിഭാഗങ്ങൾക്കുമുള്ള ഭക്ഷ്യധാന്യ വിതരണം പൂർത്തിയായ ശേഷം കേന്ദ്ര പൂളിൽ ബാക്കിയുണ്ടെങ്കിൽമാത്രം എ.പി.എൽ. വിഭാഗങ്ങളുടെ അലോട്ട്മെന്റ് നിശ്ചയിക്കാമെന്നാണ് കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം. മാത്രമല്ല, അഡീഷണൽ അലോട്ട്മെന്റ് എം. എസ്. പി. അനുസരിച്ചുള്ള എക്കണോമിക് കോസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കും. കമ്മി സംസ്ഥാനമായ കേരളത്തിൽ പ്രത്യേക പരിഗണന ഈ വിഷയത്തിൽ ലഭിക്കേണ്ടതുണ്ട്. ഇപ്പോൾ നൽകിവരുന്ന എ.എ.വൈ, അന്നപൂർണ്ണ, വില്ലേജ് ബാങ്ക്, സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണം തുടങ്ങിയ വിവിധ പദ്ധതികളിലൂടെയുള്ള

ആനുകൂല്യങ്ങളിൽ മാറ്റം വരുത്താനും നിർദ്ദേശമുണ്ട്. ഭക്ഷ്യവിതരണം മുടങ്ങുകയാണെങ്കിൽ പകരം ഭക്ഷ്യസുരക്ഷാ അലവൻസ് അനുവദിക്കുന്നതിന് സംസ്ഥാന സർക്കാർ ബാദ്ധ്യസ്ഥമായിരിക്കുമെന്ന ഭക്ഷ്യസുരക്ഷാ നിയമത്തിലെ നിർദ്ദേശം പ്രായോഗികമല്ല. പുതിയ നിയമം നിലവിൽ വന്നാൽ കേന്ദ്ര ഗവൺമെന്റ് നിശ്ചയിക്കുന്ന വിലയ്ക്ക് മാത്രമേ സംസ്ഥാനങ്ങൾക്ക് റേഷൻ സാധനങ്ങൾ വിൽക്കാൻ കഴിയുകയുള്ളൂ. നിയമം ലംഘിക്കുന്ന സംസ്ഥാനങ്ങൾക്കെതിരെ ശിക്ഷാനടപടികളെടുക്കുമെന്നത് ഭരണഘടനയുടെ നഗ്നമായ ലംഘനമാണ്. അർഹരായ ബി. പി. എൽ. കുടുംബങ്ങൾക്ക് ഭക്ഷ്യ സുരക്ഷ നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കാൻ താലൂക്ക്തലത്തിൽ ട്രൈബ്യൂണലുകളും ജില്ലാ തലത്തിൽ അപ്പലേറ്റ് ട്രൈബ്യൂണലുകളും രൂപീകരിക്കുന്നതാണെന്നുള്ള ഭക്ഷ്യസുരക്ഷാ നിയമത്തിലെ നിർദ്ദേശം തർക്കങ്ങൾക്ക് ഇടയാക്കുന്നതാണ്. കേന്ദ്ര ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തെ പ്രതികൂലമായി ബാധിക്കുമെന്നും ദരിദ്രവിഭാഗങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ പരിമിതപ്പെടാൻ ഇടയാകുമെന്നുമുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായം രേഖാമൂലം കേന്ദ്രത്തെ അറിയിക്കുകയും ഭക്ഷ്യമന്ത്രിമാരുടെ സമ്മേളനത്തിൽ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്.

**ചെയർമാൻമാരുടെ പാനൽ**

സർവ്വശ്രീ. വി. എൻ. വാസവൻ, ബാബു പോൾ, പി. കെ. അബ്ദു റബ്ബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ പന്ത്രണ്ടാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

**സബ്മിഷൻ**

(1) ഔദ്യോഗിക രേഖകൾ ചോർത്തൽ

ശ്രീ. പി. സി. ജോർജ്: എസ്.എൻ.സി. ലാവ്‌ലിൻ കേസ് സംബന്ധിച്ച ഔദ്യോഗിക രേഖകൾ ചോർത്തിയത് ഭരണഘടനാ ലംഘനമാണ്. മന്ത്രിസഭാ രേഖകൾ ചോർന്നിട്ടുണ്ടോ എന്നും ഔദ്യോഗികമായി കൊടുത്തിട്ടുണ്ടോയെന്നും പരിശോധിക്കേണ്ടതാണ്. കോടതിയിൽ സമർപ്പിക്കാൻ വിവരാവകാശ നിയമപ്രകാരം ഈ രേഖകൾ ശ്രീ. പിണറായി വിജയൻ ആവശ്യപ്പെടുകയും പ്രോസിക്യൂഷന് അനുമതി നൽകിയ സാഹചര്യത്തിൽ നിയമാനുസൃതം ഫീസടച്ച് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ വിജിലൻസ് വകുപ്പിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ 2009 ജൂൺ 20-ന് രേഖകൾ കൊടുക്കുകയും ചെയ്തു എന്നാണ് പത്ര റിപ്പോർട്ട്. ഗവർണ്ണറുടെ ഓഫീസിലെ ഔദ്യോഗിക കമ്പ്യൂട്ടറിൽ നിന്ന് ശേഖരിച്ച രേഖകളാണിതെന്ന് കരുതാൻ പര്യാപ്തമായ ചില സൂചനകൾ ഈ രേഖകളിൽ കാണുന്നതിനാൽ ഗവർണ്ണറുടെ ഓഫീസിൽ നിന്ന് രേഖകൾ എങ്ങനെ കിട്ടിയെന്ന് വ്യക്തമാക്കണം. രാജ്ഭവന്റെ സുരക്ഷയേയും ഗവർണ്ണറുടെ അന്തസ്സിനേയും അഭിമാനത്തേയും വ്രണപ്പെടുത്തുന്ന കാര്യമായതിനാൽ ഈ രേഖകൾ മോഷ്ടിക്കപ്പെട്ടതാണോയെന്ന് കണ്ടെത്തേണ്ടതാണ്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): എസ്.എൻ.സി. ലാവ്‌ലിൻ കേസിൽ സി.ബി.ഐ. പ്രോസിക്യൂഷന് അനുമതി തേടിക്കൊണ്ട് ഗവർണ്ണർക്ക് സമർപ്പിച്ച അന്വേഷണ റിപ്പോർട്ട്, അഡ്വക്കേറ്റ് ജനറൽ മന്ത്രിസഭയ്ക്ക് നൽകിയ നിയമോപദേശം, ക്യാബിനറ്റ് അജണ്ടയും നോട്ടും അടങ്ങുന്ന മന്ത്രിസഭയുടെ ശുപാർശ എന്നിവ 16-6-2009-ന് ശ്രീ. പിണറായി വിജയൻ

വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടിരുന്നു. ഇതിൽ ആദ്യത്തെ രേഖ ഗവൺമെന്റിന്റെ പക്കലില്ല. മറ്റ് രണ്ട് രേഖകളും വിവരാവകാശ നിയമപ്ര കാരം കൊടുക്കുന്നതിന് തടസ്സമില്ലാത്തതിനാൽ നൽകിയിട്ടുണ്ട്. ക്യാബിനറ്റ് തീരുമാനം എടുത്തുകഴിഞ്ഞ വിഷയങ്ങളിലാണ് അപേക്ഷകർക്ക് വിവരം കൊടുക്കുന്നത്. ഇതിനുമുമ്പും ഇത്തരം അപേക്ഷകളിന്മേൽ വിവരാവകാശ നിയമപ്രകാരം രേഖകൾ നൽകിയിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ ഉമ്മൻചാണ്ടി): ഒരു കേസിന്റെ അന്വേഷണ ത്തിനെയോ അറസ്റ്റിനേയോ പ്രോസിക്യൂഷനെയോ തടസ്സപ്പെടുത്തുന്ന ഒരു വിവരവും, വിവരാവകാശ നിയമപ്രകാരം കൊടുക്കാൻ പാടില്ലെന്ന് നിയമമുള്ളപ്പോൾ അത് ഗവൺമെന്റ് കൊടുത്തെങ്കിൽ നിയമവിരുദ്ധമാ ണെന്നത് വളരെ വ്യക്തമാണ്, ഇത് തെറ്റായ പ്രീസിഡന്റ് ഉണ്ടാക്കും. മുഖ്യമന്ത്രി ഇത് പരിശോധിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): വിവരാവകാശനിയമപ്രകാരമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിലാണ് രേഖകൾ നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. നിയമവിരുദ്ധമായി സർക്കാർ ഒന്നും ചെയ്തിട്ടില്ല.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭയിൽനിന്നും ഇറങ്ങിപ്പോവുകയും അൽപ്പസമയത്തിനുശേഷം തിരിച്ചു വരികയും ചെയ്തു)

## (2) വിമുക്തഭടന്മാർ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. പി. വിശ്വൻ: വിമുക്തഭടന്മാരുടെ തൊഴിലവസരങ്ങൾ വിപുലപ്പെടുത്തുന്നതിനും ആശ്രിത നിയമനം കാര്യക്ഷമമാക്കുന്നതിനും

സാമ്പത്തിക സഹായം വർദ്ധിപ്പിക്കുന്നതിനും സ്റ്റേറ്റ്, ഡിസ്ട്രിക്ട് മിലിട്ടറി ബെനവലന്റ് ഫണ്ടുകൾ വിപുലപ്പെടുത്തുന്നതിനും രണ്ടാം ലോക മഹായുദ്ധത്തിൽ പങ്കെടുത്ത ജവാൻമാരുടെ ആശ്രിതർക്കുള്ള പെൻഷൻ വർദ്ധിപ്പിക്കുന്നതിനും വെരിഫിക്കേഷനെത്തുടർന്ന് പിരിച്ചുവിടപ്പെട്ടവർക്ക് ധനസഹായം നൽകുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): വിമുക്ത ഭടന്മാർക്ക് നിയമനങ്ങളിൽ പ്രായപരിധിയിൽ ഇളവ് വരുത്തിയിട്ടുണ്ട്. കൂടാതെ ജില്ലാ സൈനിക ആഫീസുകളിലും എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിലും പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. സംസ്ഥാന സർക്കാരിലുള്ള താൽക്കാലിക ഒഴിവുകളിലേയ്ക്ക് എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴിയും കേന്ദ്ര സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലുള്ള ഒഴിവുകളിലേയ്ക്ക് ജില്ലാ സൈനിക വെൽഫെയർ ആഫീസ് മുഖേനയും യോഗ്യതയും സീനിയോറിറ്റിയും അനുസരിച്ച് വിമുക്തഭടന്മാരെ നാമനിർദ്ദേശം ചെയ്യുന്നു. സ്വയംതൊഴിൽ കണ്ടെത്തുന്നതിനും പുനർനിയമനത്തിനുമായി വിമുക്തഭടന്മാരുടെ കുടുംബങ്ങൾക്ക് ജില്ലാതലത്തിൽ പരിശീലനം നൽകുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ 13 ലക്ഷം രൂപ വകയിരുത്തുകയും സ്വയംതൊഴിൽ പദ്ധതിക്കായി പലിശ സബ്സിഡിയോടെ ഒരു ലക്ഷം രൂപ വരെയുള്ള വായ്പയും നൽകുന്നുണ്ട്. സൈനിക ക്ഷേമം, എൻ.സി.സി. എന്നീ വകുപ്പുകളിലെ മുഴുവൻ തസ്തികകളും വിമുക്തഭടന്മാർക്കായി സംവരണം ചെയ്തിട്ടുണ്ട്. സെക്യൂരിറ്റി സാർജെന്റ്, ഡ്രൈവർ എന്നീ തസ്തികകളിലും വിമുക്തഭടന്മാർക്ക് സംവരണമുണ്ട്. അർഹരായ വിമുക്തഭടന്മാർക്ക് ഭവനനിർമ്മാണത്തിനായി 70,000 രൂപ സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. വിമുക്തഭടന്മാരുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി

സംസ്ഥാന-ജില്ലാ ഗ്രീവൻസസ് സെല്ലുകളും രൂപീകരിച്ചിട്ടുണ്ട്. വെരിഫിക്കേഷൻ കാരണം തൊഴിൽ നഷ്ടപ്പെട്ടവർ വിമുക്തഭടന്മാരുടെ നിർവചനത്തിൽ വരാത്തതിനാൽ അവർക്ക് നിലവിലുള്ള നിയമപ്രകാരം പെൻഷനോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കാൻ അർഹതയില്ല.

(3) പ്രകൃതിദത്ത നാരുകളുടെ ഉപയോഗം

ശ്രീ. വി. ഡി. സതീശൻ: പ്രകൃതിദത്ത നാരുകൾ ഉപയോഗിച്ച് എക്കോ ഫ്രണ്ട്‌ലി ആയിട്ടുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഒരു ദേശീയ നയം രൂപീകരിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ടെക്സ്റ്റൈയിൽ മന്ത്രാലയം ചില നടപടികൾ സ്വീകരിക്കുകയും കോട്ടപ്പുറത്തെ കിറ്റ്സ് എന്ന എൻ.ജി.ഒ.യെ നാഷണൽ റിസോഴ്സ് സെന്ററായി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സെന്ററിനെ കേരളത്തിലെ പഞ്ചായത്തുകളുമായി ബന്ധപ്പെടുത്തി സംസ്ഥാന നയം രൂപീകരിക്കുന്നതിനും പറവൂർ നിയോജകമണ്ഡലത്തിൽ 100 യൂണിറ്റുകളുടെ ഒരു ക്ളസ്റ്റർ രൂപീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. തഴ കൂടുതൽ കൃഷി ചെയ്യുന്നതിനായി നാഷണൽ റിസോഴ്സ് സെന്റർ, കെ.എസ്.ഐ.ഡി.സി. മുഖേന സമർപ്പിച്ച പദ്ധതിക്കാവശ്യമായ തുക അനുവദിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): പ്രകൃതിദത്ത നാരുകളുടെ അന്താരാഷ്ട്ര വർഷമായി 2009-നെ യുണൈറ്റഡ് നേഷൻസ് പ്രഖ്യാപിച്ചിരിക്കുകയാണ്. ചകിരി, തഴ, വാഴ, കൈത എന്നിവയുടെ ഇല, നാര് എന്നിവ ഉപയോഗിച്ച് പായ, കുട്ട തുടങ്ങിയവ വൻതോതിൽ നിർമ്മിച്ചു വരുന്നു. കേരളത്തിനകത്തും പുറത്തുമുള്ള ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് തഴ, വാഴ, കൈത, കുളവാഴ തുടങ്ങിയവ യുടെ നാരുകൾ സംസ്കരിച്ച് വിവിധ ഉൽപ്പന്നങ്ങളുണ്ടാക്കുന്നതിന്

സർക്കാർ ശ്രമിക്കുന്നതാണ്. നാരുകൾ വ്യാവസായികാടിസ്ഥാനത്തിൽ ഉപയോഗിക്കുന്നതിനുള്ള ഒരു നയം വ്യാവസായിക നയത്തിൽ ഉൾപ്പെടുത്തുന്നതാണ്. കേന്ദ്ര സർക്കാരിന്റെ വസ്ത്ര മന്ത്രാലയവും കേന്ദ്ര ആസൂത്രണ കമ്മിഷനും പ്രകൃതിദത്ത നാരുകളുടെ ദേശീയ വിഭവ കേന്ദ്ര മായി പ്രഖ്യാപിക്കുകയും 250 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കോട്ടപ്പുറം ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റിക്ക് 10 ലക്ഷം രൂപ ധനസഹായം നൽകാൻ കെ.എസ്.ഐ.ഡി. സി.ക്ക് നിർദ്ദേശം നൽകും.

(4) വനാവകാശ നിയമപ്രകാരമുള്ള റൈറ്റ്സ് കമ്മിറ്റികൾ

ശ്രീ. കെ. വി. കുഞ്ഞിരാമൻ: കേന്ദ്ര വനാവകാശ നിയമം അനുശാസിക്കുന്ന "റൈറ്റ്സ് കമ്മിറ്റി" ജില്ലാടിസ്ഥാനത്തിലും താഴെ തട്ടിലും രൂപീകരിച്ച് വനാതിർത്തിക്കുള്ളിൽ താമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തണം.

പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): വനാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഫോറസ്റ്റ് റൈറ്റ്സ് കമ്മിറ്റികൾ, സബ് ഡിവിഷൻ കമ്മിറ്റികൾ, ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റികൾ എന്നിവ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. ജില്ലാ ലെവൽ കമ്മിറ്റിയിൽ ജില്ലാ കളക്ടർ ചെയർപേഴ്സനും ഡിസ്ട്രിക്ട് ഫോറസ്റ്റ് ഓഫീസർ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ എന്നിവർ ഔദ്യോഗിക അംഗങ്ങളും ജില്ലാ പഞ്ചായത്ത് നോമിനേറ്റ് ചെയ്യുന്ന 3 അനൗദ്യോഗിക അംഗങ്ങളുമാണുള്ളത്. ജില്ലാ പഞ്ചായത്തിന്റെ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്കാണ് അനൗദ്യോഗിക അംഗങ്ങളെ കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നത്.

ഇതുപ്രകാരം 7 ജില്ലകളിൽ അനൗദ്യോഗിക അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അനൗദ്യോഗിക അംഗങ്ങളെ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ ജില്ലാതല കമ്മിറ്റികൾ അടിയന്തിരമായും രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(5) കോരപ്പുഴ പാലത്തിന്റെ ശോചനീയാവസ്ഥ

ശ്രീ. എ.കെ. ശശീന്ദ്രൻ: കോഴിക്കോട് ജില്ലയിലെ ദേശീയ പാത 17-ൽ ഏലത്തൂർ ഗ്രാമ പഞ്ചായത്തിനെയും കൊയിലാണ്ടി മണ്ഡലത്തിലെ ചേമഞ്ചേരിയേയും ബന്ധിപ്പിക്കുന്ന 1939-ൽ നിർമ്മിച്ച കോരപ്പുഴ പാലം പുതുക്കിപ്പണിയാൻ സത്വര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള ഭരണാനുമതി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിൽനിന്ന് ലഭിച്ചിട്ടുണ്ട്. ഈ മാസംതന്നെ പ്രവൃത്തി തുടങ്ങുന്നതാണ്. ദേശീയ പാതയുടെ ബൈപ്പാസ് നിർമ്മാണം നടക്കുന്നതിനാൽ കോരപ്പുഴ പാലത്തിന്റെ അറ്റകുറ്റപ്പണികൾക്കുള്ള ഫണ്ടല്ലാതെ പുനർ നിർമ്മാണത്തിനുള്ള സാമ്പത്തിക സഹായം കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കുകയില്ല. ബൈപ്പാസ് നിർമ്മാണം പൂർത്തിയായാൽ ഈ പാലം സംസ്ഥാന പാതയുടെ ഭാഗമായി മാറുന്നതോടെ സംസ്ഥാനത്തിന്റെ ഫണ്ട് ഉപയോഗിച്ച് പാലം പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(6) കൊല്ലങ്കോട് മണ്ഡലത്തിലെ ടൂറിസം സാദ്ധ്യതകൾ

ശ്രീ. വി. ചെന്താമരാക്ഷൻ: വനം, ജലസേചനം, ടൂറിസം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ കൊല്ലങ്കോട് മണ്ഡലത്തിലെ ടൂറിസം സാധ്യതയുള്ള സ്ഥലങ്ങളെ ഉൾപ്പെടുത്തി ഫലപ്രദമായ രൂപത്തിൽ ടൂറിസം പദ്ധതി തയ്യാറാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ടൂറിസം വകുപ്പ് പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതിയിൽ ടൂറിസ്റ്റുകൾക്കു വേണ്ടി താമസ സൗകര്യം ഏർപ്പെടുത്തുകയും പോത്തുണ്ടിയിൽ ഉദ്യാന നവീകരണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ 9 ഡാമുകളോടനുബന്ധിച്ച് നടപ്പിലാക്കുന്ന ഉദ്യാന നവീകരണ പദ്ധതിയുടെ വിലയിരുത്തൽ നടത്തിയശേഷം കൂടുതൽ ഉദ്യാന നവീകരണ സാദ്ധ്യതകൾ പരിശോധിക്കുന്നതിന് ഇക്കോ ടൂറിസം ഡയറക്ടറെ ചുമതലപ്പെടുത്തുന്നതാണ്.

(7) പഞ്ചായത്തുകളുടെ വിഭജനം, ലയനം എന്നിവയ്ക്കുള്ള മാനദണ്ഡങ്ങൾ

ശ്രീ. കെ. ബാബു : പഞ്ചായത്ത് നിയമത്തിലെ സെക്ഷൻ 4 അനുസരിച്ചുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പഞ്ചായത്ത് വിഭജനം നടത്താൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): ജനസംഖ്യ അമ്പതിനായിരത്തിൽ കൂടുതലുള്ളതും 20 ചതുരശ്ര കി. മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതും തനത് വാർഷിക വരുമാനം 20 ലക്ഷത്തിൽ കൂടുതലുമുള്ള ഗ്രാമപഞ്ചായത്തുകളെയാണ് വിഭജിക്കാൻ ഉദ്ദേശിക്കുന്നത്. ജനസംഖ്യ, ജനസാന്ദ്രത, വരുമാനം, കാർഷികേതര തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ നഗരവൽക്കൃതമായി കണക്കാക്കാവുന്ന ഗ്രാമപഞ്ചായത്തുകളെയാണ് മുനിസിപ്പാലിറ്റികളായി ഉയർത്തുന്നതിനോ മുനിസിപ്പൽ കോർപ്പറേഷനുകളിലേയ്ക്ക് ലയിപ്പിക്കുന്നതിനോ ഉദ്ദേശിക്കുന്നത്.

(8) ആധാരങ്ങൾ കത്തിനശിച്ചതുമൂലമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

ശ്രീമതി പി. അയിഷാ പോറ്റി: കൊട്ടാരക്കര അഡീഷണൽ സബ് രജിസ്ട്രാർ ഓഫീസ് കത്തിയതുമൂലം ആധാരങ്ങൾ നഷ്ടപ്പെട്ടവർക്ക് മതിയായ രേഖകൾ കൊടുക്കുന്നതിനും അസ്സൽ പ്രമാണങ്ങളുള്ളവർക്ക് രേഖകൾ പുന:സ്ഥാപിച്ചുകൊടുക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ആധാരങ്ങളുടെ പകർപ്പുകൾ ലഭിക്കുന്നതിന് അപേക്ഷിച്ചാൽ ആധാരങ്ങൾ തീപിടിത്തത്തിൽ നഷ്ടപ്പെട്ടുപോയി എന്നുകാണിക്കുന്ന സർട്ടിഫിക്കറ്റ് നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ആധാരങ്ങളിലെ അക്ഷരങ്ങൾ പൂർണ്ണമായി വായിക്കാവുന്ന വിധത്തിൽ കിട്ടിയിട്ടുള്ള രജിസ്റ്റർ വാല്യങ്ങൾ ഡിജിറ്റൽ കോപ്പിയാക്കി സംരക്ഷിക്കുന്നതിന് സി-ഡിറ്റുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു. ഭാഗീകമായി നശിച്ചുപോയ ആധാരങ്ങളുടെ അവശേഷിക്കുന്ന ഭാഗങ്ങൾ സംരക്ഷിക്കുന്നതിന് പുരാവസ്തു വകുപ്പിന്റെ സഹായത്തോടുകൂടി നടപടികൾ സ്വീകരിക്കുന്നതാണ്. ആധാരങ്ങൾ സംരക്ഷിക്കുന്നതിന് ആധുനിക ശാസ്ത്രീയ സംവിധാനം ഏർപ്പെടുത്തുന്നതാണ്.

(9) ഹോട്ടലിന്റെ ബാർ ലൈസൻസ് റദ്ദാക്കൽ

ശ്രീ. എം. ഉമ്മർ: ദൂരപരിധി ലംഘിച്ചുകൊണ്ട് പ്രവർത്തിക്കുന്ന മലപ്പുറം മുനിസിപ്പാലിറ്റിയിലെ വാറങ്കോട് 'ഏറനാട് ഇൻ' ഹോട്ടലിന്റെ ബാർ ലൈസൻസ് റദ്ദാക്കാൻ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഫോറിൻ ലിക്കർ നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്നുള്ള

എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മലപ്പുറം മുനിസിപ്പാലിറ്റിയിലെ വാറങ്കോട് 'ഏറനാട് ഇൻ' ഹോട്ടലിന് ലൈസൻസ് നൽകിയിട്ടുള്ളത്. അതിനുവിരുദ്ധമായി എന്തെങ്കിലും നടന്നതായി പരാതി കിട്ടിയാൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(10) <u>മണൽ ദൗർലഭ്യം</u>

<u>ശ്രീ. ആർ സെൽവരാജ്</u>: കേരളത്തിൽ മണൽ ഖനനം നിരോധിക്കുകയും തമിഴ്നാട്ടിൽ നിന്നും നിയമാനുസരണം കേരളത്തിലേയ്ക്ക് മണൽ കൊണ്ടുവന്നിരുന്നത് പോലീസ് ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ച് തമിഴ്നാട് ഗവൺമെന്റ് നിരോധിക്കുകയും ചെയ്ത സാഹചര്യത്തിൽ നിർമ്മാണ മേഖലയിലുണ്ടായിട്ടുള്ള പ്രതിസന്ധിക്ക് രണ്ടു സംസ്ഥാന സർക്കാരുകളും പരസ്പരം ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ):</u> കേരളത്തിലേയ്ക്ക് മണൽ കൊണ്ടുവരുന്നതിന് തമിഴ്നാട് സർക്കാർ ഏർപ്പെടുത്തിയ നിരോധനം നീക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. മണൽ ലഭ്യത കുറയുകയും ആവശ്യകത വർദ്ധിക്കുകയും ചെയ്ത സാഹചര്യത്തിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഗുണമേന്മയുള്ള മണൽ കേരളത്തിലെത്തിക്കുന്നതിന് ചർച്ച നടത്തിവരികയാണ്. സംസ്ഥാനത്ത് മണൽ ഖനനം ചെയ്യുന്നതിന് യാതൊരു നിരോധനവും ഏർപ്പെടുത്തിയിട്ടില്ല. നിയമാനുസൃതം തീരുമാനിക്കുന്ന കടവുകളിൽ നിന്നും അനുവദിക്കപ്പെടുന്ന തോതിൽ മണൽ ഖനനം ചെയ്ത് നിർമ്മിതി കേന്ദ്രങ്ങളുടെ 'കലവറ' മുഖേന വില കുറച്ച് വിതരണം ചെയ്തുവരുന്നു.

(11) അനീഷ് എബ്രഹാമിന്റെ കുടുംബത്തിന് ധനസഹായം

ശ്രീ. വി. എൻ. വാസവൻ: 3-9-2009-ന് ബൈക്കിൽ സഞ്ചരിക്കവേ കോട്ടയം മെഡിക്കൽ കോളേജ് റൂട്ടിലെ ചുങ്കം ഭാഗത്ത് റോഡിലെ ചെളിക്കുഴിയിൽ വീണ് ദാരുണമായി മരണപ്പെട്ട അനീഷ് എബ്രഹാമിന്റെ നിർദ്ധന കുടുംബത്തിന് ആവശ്യമായ ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): 3-9-2009-ന് ബൈക്കിൽ സഞ്ചരിക്കവേ കോട്ടയം മെഡിക്കൽ കോളേജ് റൂട്ടിലെ ചുങ്കം ഭാഗത്ത് റോഡിലെ ചെളിക്കുഴിയിൽ വീണ് ദാരുണമായി മരണപ്പെട്ട അനീഷ് എബ്രഹാമിന്റെ കുടുംബത്തിന് ധനസഹായം നൽകുന്നതു സംബന്ധിച്ച് ജില്ലാകളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭായോഗം ചർച്ച ചെയ്ത് പരമാവധി ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(12) വിവാഹം രജിസ്റ്റർ ചെയ്യാനുള്ള സമയപരിധി ദീർഘിപ്പിക്കൽ

ശ്രീ. തോമസ് ഉണ്ണിയാടൻ: 29-2-2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ പൊതുചട്ടങ്ങൾ നിലവിൽ വന്നതിന് ശേഷമുണ്ടാകുന്ന വിവാഹങ്ങൾ മതഭേദമെന്യേ നിർബന്ധമായും രജിസ്റ്റർ ചെയ്തിരിക്കണമെന്നും അതിനുമുമ്പ് നടന്ന വിവാഹങ്ങൾ ഹിതാനുസരണംമാത്രം രജിസ്റ്റർ ചെയ്താൽ മതിയെന്നും നിഷ്ക്കർഷിച്ചിരുന്നു. എന്നാൽ ചട്ടം നിലവിൽ വന്നതിന് ആറുമാസം മുമ്പുനടന്ന വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് നൽകിയിരുന്ന കാലപരിധി 28-8-2009-ഓടുകൂടി അവസാനിച്ചതിനാൽ ബഹുഭൂരിപക്ഷം പേർക്കും വിവാഹം രജിസ്റ്റർ ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ കാലാവധി ആറുമാസംകൂടി ദീർഘി

പ്പിക്കുന്നതിനും ആവശ്യമായ പ്രചാരണം നൽകുന്നതിനും നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ പൊതുചട്ടങ്ങൾ അനുസരിച്ച് ചട്ടം നിലവിൽ വന്ന തീയതിക്കുമുമ്പ് നടന്ന വിവാഹങ്ങളുടെ രജിസ്ട്രേഷൻ നിർബന്ധമല്ല. എന്നാൽ മുൻകാല വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സമയപരിധി വിവാഹ രജിസ്ട്രാർ ജനറൽ കൂടിയായ പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആറുമാസംകൂടി ദീർഘിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. പ്രസ്തുത വിവരം പത്രമാധ്യമങ്ങളിലും പഞ്ചായത്തുകളിലും സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധപ്പെടുത്തുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

1. കാര്യോപദേശക സമിതിയുടെ ഇരുപത്തിയേഴാമത് റിപ്പോർട്ട് സമർപ്പിച്ചു.
2. 2009-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ താൽക്കാലിക നിർത്തിവയ്ക്കൽ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു.

3. 2009-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു.
4. ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിച്ചു.

**റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ ഇരുപത്തിയേഴാമത് റിപ്പോർട്ടിന്മേൽ ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച ഭേദഗതി 21 വോട്ടിനെതിരെ 54 വോട്ടുകളോടെ സഭ നിരാകരിച്ചു.

റിപ്പോർട്ട് സഭ അംഗീകരിച്ചു.

**നിയമനിർമ്മാണ കാര്യം**

<u>താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും</u>

(1) <u>2009-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ</u>

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി <u>(ശ്രീ. പാലോളി മുഹമ്മദ് കുട്ടി):</u> സർ, 2009-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ:</u> ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി <u>(ശ്രീ. പാലോളി മുഹമ്മദ് കുട്ടി):</u> സർ, 2009-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ):</u> പ്രമേയത്തെ പിന്താങ്ങുന്നു.

**ക്രമപ്രശ്നം**

<u>ബില്ലിലെ വ്യവസ്ഥകളിന്മേൽ പൊതുജനാഭിപ്രായം ആരായണം</u>

<u>ശ്രീ. കെ. എം. മാണി:</u> കെട്ടിട നികുതി പിരിക്കുന്നതിന്റെ നിലവിലുള്ള രീതിയും ഘടനയും മാറ്റുക, തദ്ദേശഭരണ സ്ഥാപനങ്ങളിലെ അംഗസംഖ്യയിൽ വനിതകൾക്ക് 50 ശതമാനം സംവരണം ഏർപ്പെടുത്തുക തുടങ്ങിയവയാണ് 2009-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബില്ലിൽ ഉദ്ദേശിക്കുന്നത്. വനിതകൾക്ക് 50 ശതമാനം സംവരണം ഏർപ്പെടുത്താനുള്ള ഭരണഘടനാ ഭേദഗതി കൂടി വന്നു കഴിഞ്ഞതിനുശേഷം ഈ നിയമം പാസ്സാക്കുന്നതായിരിക്കും നല്ലത്. കെട്ടിട നികുതിയെ സംബന്ധിച്ച് പരക്കെ ആക്ഷേപമുണ്ടായിരിക്കുന്ന സാഹചര്യത്തിൽ നികുതി പുതുക്കുന്നതിനുമുമ്പ് തദ്ദേശഭരണ സ്ഥാപനങ്ങളുടേയും ജനങ്ങളുടേയും അഭിപ്രായം ആരായുന്നതിനുവേണ്ടി ഈ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണം.

<u>ശ്രീ. കെ.സി. ജോസഫ്:</u> തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് 50 ശതമാനം സംവരണം ഏർപ്പെടുത്തുന്നതിനുള്ള ഭരണഘടനാ ഭേദഗതിയുടെ വിശദാംശങ്ങൾ അറിയാതെ ഈ ബിൽ പാസ്സാക്കരുത്. കേന്ദ്ര സർക്കാർ കൊണ്ടുവരാൻ പോകുന്ന ഭരണഘടനാ ഭേദഗതിക്ക് അനുയോജ്യമല്ലാത്ത വകുപ്പുകൾ ഈ ബില്ലിൽ ഉണ്ടായാൽ അതു പിന്നീട് മാറ്റേണ്ടി വരും. ഈ ബില്ലിലെ 14-ാം വകുപ്പിനുശേഷമുള്ള വകുപ്പുകൾ കെട്ടിട നികുതി പുതുക്കുന്നതു സംബന്ധിച്ച വ്യവസ്ഥകളാണ്. അതുകൊണ്ട് ഇത് രണ്ട് ബില്ലായി കൊണ്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): തദ്ദേശഭരണ സ്ഥാപനങ്ങളിൽ വനിതകൾക്ക് 50 ശതമാനം സംവരണം ഏർപ്പെടുത്താനുള്ള ഭരണഘടനാ ഭേദഗതി കൊണ്ടുവരുന്നതിനു മുമ്പ് ഈ ബിൽ പാസ്സാക്കരുതെന്നാണ് ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞത്. തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് അടുത്ത വർഷം വരാൻ പോകുന്ന സാഹചര്യത്തിൽ ഇലക്ഷനു തൊട്ടു മുമ്പ് ഇത്തരമൊരു തീരുമാനമെടുക്കാൻ പാടില്ല. മാത്രമല്ല പാർലമെന്റ് പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ വനിതകൾക്കുള്ള സംവരണം 33 ശതമാനത്തിൽ കുറയാൻ പാടില്ല എന്നേയുള്ളൂ; അത് വർദ്ധിപ്പിക്കുന്നതിൽ യാതൊരു അപാകതയുമില്ല. കെട്ടിട നികുതിക്ക് ഏറ്റവും കുറഞ്ഞ നിരക്കും കൂടിയ നിരക്കും മാത്രമേ നിർവ്വചിച്ചിട്ടുള്ളൂ. നികുതി നിരക്കുകളെ സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് തദ്ദേശഭരണ സ്ഥാപനങ്ങളാണ്. അതിൽ ജനങ്ങൾക്ക് അസംതൃപ്തിയുണ്ടെങ്കിൽ ഭേദഗതി വരുത്താവുന്നതാണ്.

**റൂളിംഗ്**

മി.സ്പീക്കർ: ഒബ്ജക്ഷൻ നിലനിൽക്കുന്നതല്ല. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: 2009-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-10-2009 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തദ്ദേശഭരണസ്ഥാപനങ്ങളിൽ വനിതകളുടെ സംവരണം വർദ്ധിപ്പിക്കുന്നതിനെ അനുകൂലിക്കുകയാണ്. യു.പി.എ. സർക്കാർ നിയമമാക്കാൻ പോകുന്ന 50 ശതമാനം വനിതാ സംവരണം കേരളത്തിൽ ആദ്യം

നടപ്പിലാക്കി എന്ന ഖ്യാതി നേടിയെടുക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടെ ഗ്രാമപഞ്ചായത്തിലും ബ്ളോക്ക് പഞ്ചായത്തിലും ജില്ലാ പഞ്ചായത്തിലും വനിതകൾക്ക് 50 ശതമാനം സംവരണം ലഭ്യമാകും. അശാസ്ത്രീയമായ രീതിയിൽ പഞ്ചായത്തുകളുടെ വാർഡ് വിഭജനം നടത്താൻ പാടില്ല. ഭൂമിശാസ്ത്രപരമായ സൗകര്യങ്ങളും അതാത് മേഖലകളുടെ പ്രത്യേകതകളും കൂടി പരിഗണിക്കണം കേന്ദ്ര ഇലക്ഷൻ കമ്മീഷൻ അംഗീകരിച്ച ഫോട്ടോ ഐഡന്റിറ്റി കാർഡ് ഉള്ള വോട്ടർ പട്ടിക തദ്ദേശഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിലും സ്വീകരിക്കണം. വോട്ടർ പട്ടികയിലെ കൃത്രിമങ്ങൾ തടയാനാവശ്യമായ അമെന്റ്മെന്റ് കൂടി ഉൾപ്പെടുത്തണം. ആർ.പി. ആക്ടിലെ 61-ാം വകുപ്പനുസരിച്ചുള്ള വ്യവസ്ഥയും ഇതിൽ ഉൾപ്പെടുത്തണം. ബൈഫർക്കേഷൻ സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കണം. തെരഞ്ഞെടുപ്പുകളിൽ അനാവശ്യമായ ഇടപെടലുകൾ ഉണ്ടാകാതിരിക്കാനുള്ള വ്യവസ്ഥയുണ്ടാകണം. പഞ്ചായത്ത് രാജ് ബില്ലിന്റെ 14-ാം വകുപ്പുവരെ പറഞ്ഞിരിക്കുന്ന 50 ശതമാനം വനിതാ സംവരണത്ത അനുകൂലിക്കുന്നു. നികുതി വർദ്ധിപ്പിക്കലിലും നികുതി ഈടാക്കലിലും അനാവശ്യമായ ധാരാളം വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഓരോ പ്രദേശത്തും പഞ്ചായത്ത് സെക്രട്ടറിയാണ് ടാക്സ് വർദ്ധനവ് തീരുമാനിക്കുന്നത്. ഇത്തരം അമിതാധികാരം പഞ്ചായത്ത് സെക്രട്ടറിക്ക് കൊടുക്കരുത്. ജനങ്ങളുടെ മേൽ അമിത നികുതി ഭാരം അടിച്ചേൽപ്പിക്കാൻ പാടില്ല. നികുതിയുടെ കാര്യത്തിൽ ജനങ്ങളുടെ അഭിപ്രായം കൂടി അറിഞ്ഞതിനുശേഷം തീരുമാനമെടുക്കുന്നതാണ് ഉചിതം.

<u>ശ്രീ. കെ. കെ. ദിവാകരൻ :</u> 2009-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക്

അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധികാര വികേന്ദ്രീകരണവും പ്രവർത്തന ഫണ്ടും കൊടുക്കാൻ തീരുമാനിച്ചത് ഇടതുപക്ഷ മുന്നണി ഗവൺമെന്റാണ് ആദ്യമായി കേരളത്തിലാണ് ത്രിതല പഞ്ചായത്തുകളിലെ എല്ലാ അധികാര സ്ഥാപനങ്ങളിലും സ്ത്രീകൾക്കായി 50 ശതമാനം സംവരണം ഏർപ്പെടു ത്തുന്നത്. ചവറോ മാലിന്യമോ വിസർജ്ജ്യവസ്തുക്കളോ ജലസ്രോതസ്സുക ളിലും ജലാശയങ്ങളിലും നിക്ഷേപിക്കുന്നതിനെതിരെയുള്ള നിരോധനമാണ് 19-ാം വകുപ്പിൽ പറഞ്ഞിട്ടുള്ളത്. ജലസ്രോതസ്സുകൾ മലിനീകരിക്കൽ; ഭൂഗർഭജലത്തിന്റെ അമിത ചൂഷണം എന്നിവ തടയുന്നതിനും കിണർ, കുളം തുടങ്ങിയ ജലസ്രോതസ്സുകൾ യഥാസമയം വൃത്തിയാക്കുന്നതിനുമുള്ള വ്യവസ്ഥകൂടി ഈ ബില്ലിൽ കൊണ്ടുവരണം. കൃഷിഭൂമി നികത്തുന്നതി നെതിരെ ശക്തമായ തടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകണം. പുതിയ വീടുകൾ പണിയുമ്പോൾ പ്രത്യേക ജലസംഭരണിയും ബയോ ഗ്യാസ് പ്ളാന്റും നിർബന്ധമായും സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി പാടശേഖര സമിതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളെക്കൊണ്ട് കാർഷിക മേഖലയിൽ തൊഴിലെടുപ്പിക്കുന്നതിനുള്ള അവകാശം തദ്ദേശഭരണ സ്ഥപനങ്ങൾക്ക് നൽകണം. ഉദ്യാനകൃഷി, ജലസംഭരണം എന്നിവകൂടി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണം. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി അക്വയർ ചെയ്യുന്നതിനുള്ള അനുവാദം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകണം. നിർബന്ധിത അജണ്ട കൊണ്ടുവരികയും പ്രത്യേക ആഫീസ്, സോഷ്യൽ ആഡിറ്റ് എന്നീ സംവിധാനങ്ങൾ ഏർപ്പെടു ത്തുകയും ചെയ്തുകൊണ്ട് ഗ്രാമസഭകളെ വ്യവസ്ഥാപിതമാക്കുന്നതിനുള്ള

നടപടികൾകൂടി ഈ ബില്ലിൽ ഉണ്ടാകണം. സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഗ്രാമ സഭയുടെ പ്രവർത്തനം അടക്കം പരിശോധിക്കാനുള്ള അധികാരം കൊടുക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥരെ പുനർവിന്യസിക്കുന്നതുമൂലമുള്ള ഇരട്ട നിയന്ത്രണം ഒഴിവാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വരുമാന സ്രോതസ്സ് വർദ്ധിപ്പിക്കുന്നതിന് ഒരു പ്രത്യേക പാക്കേജ് കൊണ്ടുവരണം. പ്രകൃതിക്ഷോഭംമൂലം തകരുന്ന വീടുകൾ അടിയന്തിരമായി അറ്റകുറ്റപ്പണി നടത്തുന്നതിനും റോഡുകൾ പുനർനിർമ്മിക്കുന്നതിനുമുള്ള അധികാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും അതിനാവശ്യമായ ഫണ്ട് റവന്യൂ വകുപ്പിൽനിന്ന് നൽകുകയും വേണം.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ത്രിതല പഞ്ചായത്തുകളിൽ 50 ശതമാനം വനിതാ സംവരണം, നികുതി പരിഷ്കരണം, ജലാശയങ്ങളും ജലസ്രോതസ്സുകളും മലിനമാക്കുന്നതിനെതിരെയുള്ള ശിക്ഷാ നടപടികൾ എന്നീ കാര്യങ്ങൾക്കാണ് പ്രധാനമായും ബില്ലിൽ ഭേദഗതി നിർദ്ദേശിച്ചിട്ടുള്ളത്. ഈ ബിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഏകകണ്ഠമായി അംഗീകരിക്കണം. ജില്ലാ കൗൺസിൽ തെരഞ്ഞെടുപ്പിൽ ആദ്യമായി വനിതകൾക്ക് 33 ശതമാനം സംവരണം ഏർപ്പെടുത്തിയ സംസ്ഥാനം കേരളമാണ്. ടാക്സ് പ്രൊപ്പോസൽ സെക്രട്ടറി നിശ്ചയിക്കുന്നത് കൗൺസിലിന്റെ തീരുമാനപ്രകാരമാണ്. ഓരോ പ്രദേശത്തിന്റെയും പ്രത്യേകത, കെട്ടിടത്തിന്റെ സൗകര്യം, തറ വിസ്തീർണ്ണം എന്നിവ അനുസരിച്ച് നികുതി വ്യത്യാസപ്പെട്ടിരിക്കും. നികുതി നിർണ്ണയത്തിൽ അപാകതയുണ്ടെങ്കിൽ അപ്പീൽ നൽകാനുള്ള പ്രൊവിഷൻ ബില്ലിലുണ്ട്. ഏതാണ്ട് പതിനഞ്ചു വർഷത്തിനുശേഷം നടക്കുന്ന നികുതി നിർണ്ണയത്തിൽ ചെറിയൊരു വർദ്ധനവ് ഉണ്ടാകും. മാലിന്യങ്ങളും മാംസാവശിഷ്ടങ്ങളും അലക്ഷ്യമായി

ജലാശയങ്ങളിലും മറ്റും നിക്ഷേപിക്കുന്നത് കർശനമായി തടയുന്നതിനാവശ്യമായ ശിക്ഷാനടപടികൾ നിഷ്ക്കർഷിക്കുന്ന വ്യവസ്ഥ ബില്ലിലുണ്ട്. സർക്കാർ ആശുപത്രികളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള സംവിധാനമെന്ന നിലയിൽ ഐ.എം.എ.യുടെ കീഴിൽ പാലക്കാട് ഒരു സെന്റർ ഉണ്ട്. സ്വകാര്യ ആശുപത്രികളിലെ മാലിന്യങ്ങൾ കൂടി നീക്കം ചെയ്യുന്നതിന് ഇത്തരത്തിലുള്ള സെന്ററുകളുടെ എണ്ണം വർദ്ധിപ്പിക്കണം. വിദേശ രാജ്യങ്ങളിൽ നിന്നുള്ള കമ്പ്യൂട്ടറുകൾ കുഴിച്ചുമൂടാനുള്ള കേന്ദ്രമായി കൊച്ചി ഉൾപ്പെടെയുള്ള നഗരങ്ങളെ ഉപയോഗപ്പെടുത്തുന്നത് തടയാൻ നിയമത്തിൽ കർശന വ്യവസ്ഥ ഉണ്ടാക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): ഈ നിയമം പ്രാബല്യത്തിൽ വരുമ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളിൽ 50 ശത മാനം വനിതകളായിരിക്കും. ജനകീയാസൂത്രണം ആരംഭിച്ചതുമുതൽ ഉത്തരവാദപ്പെട്ട പല സ്ഥാനങ്ങളും ഫലപ്രദമായി കൈകാര്യം ചെയ്യാൻ വനിതകൾക്ക് കഴിഞ്ഞിട്ടുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ ഈ ഭേദഗതി ഉപകരിക്കും. തറവിസ്തീർണ്ണ ത്തിന്റെ അടിസ്ഥാനത്തിലായിരിക്കും ഇനിമുതൽ കെട്ടിടനികുതി നിശ്ചയിക്കുന്നത്. പഞ്ചായത്തുകളെ തരംതിരിച്ച് ഓരോ പ്രദേശത്തെയും പ്രത്യേകതകൾ വച്ചുകൊണ്ട് നികുതി നിശ്ചയിക്കാനുള്ള അധികാരം അതാത് പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. മാക്സിമവും മിനിമവും നികുതി മാത്ര മാണ് ഗവൺമെന്റ് നിശ്ചയിക്കുന്നത്. നികുതി അസസ്സ് ചെയ്യുന്ന സമയത്ത് പരാതിയുണ്ടെങ്കിൽ അവ പരിശോധിച്ച് ആവശ്യമായ തിരുത്തൽ വരുത്താ

നുള്ള അധികാരം പഞ്ചായത്തുകൾക്കുണ്ട്. പല തരത്തിലുള്ള വോട്ടർ പട്ടിക ഉപയോഗിക്കുന്നത് ബുദ്ധിമുട്ടായതിനാൽ പൊതുവായ വോട്ടർ പട്ടിക അംഗീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര ഗവണ്മെന്റി നോട് ആവശ്യപ്പെട്ടിട്ടുണ്ട്. പാർലമെന്റ്, നിയമസഭാ തെരഞ്ഞെടുപ്പുകളിൽ ഉപയോഗിച്ച വോട്ടർ പട്ടികതന്നെ പഞ്ചായത്തുകൾക്കും ബാധകമാക്കുന്ന കാര്യം ഇലക്ഷൻ കമ്മീഷൻ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ശുചീകര ണത്തിന് കുറച്ചുകൂടി കർശനവും ശക്തവുമായ നടപടികൾ സ്വീകരിക്കണ മെന്ന സദുദ്ദേശത്തോടുകൂടിയാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലി ക്കപ്പെടുകയോ ചെയ്തു.

2009-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ തദ്ദേശസ്വ യംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റി യുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(2) 2009-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി): 2009-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി): 2009-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. ജയരാജൻ : 2009-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2009 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 2009-ലെ പഞ്ചായത്ത് നിയമഭേദഗതിയിലൂടെയും മുനിസിപ്പൽ നിയമഭേദഗതിയിലൂടെയും സംസ്ഥാനം ഇൻഡ്യയ്ക്കാകെ മാതൃക കാട്ടിയിട്ടുണ്ട്. 2009-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പ്രകാരം പഞ്ചായത്തുകളിലെ അംഗസംഖ്യയിൽ അൻപത് ശതമാനം സ്ത്രീകൾക്കായി സംവരണം ചെയ്യുന്നതോടൊപ്പം പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, അംഗങ്ങൾ എന്നീ സ്ഥാനങ്ങളിലും അൻപത് ശതമാനം സ്ത്രീകൾക്കായി സംവരണം ചെയ്തിരിക്കുന്നു. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ചെയർപേഴ്സൺ, ഡെപ്യൂട്ടി ചെയർപേഴ്സൺ, മേയർ, ഡെപ്യൂട്ടി മേയർ എന്നിവയിലെ അൻപത് ശതമാനവും സ്ത്രീകൾക്കായി സംവരണം ചെയ്തിരിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് അംഗീകാരം നൽകുന്ന ജില്ലാ ആസൂത്രണ കമ്മിറ്റിയിലും സംസ്ഥാന വികസന കൗൺസിലിലും സ്ത്രീകൾക്ക് അൻപത് ശതമാനം

സംവരണം ഉറപ്പാക്കിയിട്ടുണ്ട്. കേരളത്തിൽ അഞ്ച് കോർപ്പറേഷനുകളിലെ മേയർ പദവിയിൽ മൂന്നെണ്ണം ഇനി മുതൽ സ്ത്രീകൾക്ക് ലഭിക്കും. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ട് അവയുടെ പ്രവർത്തനം ശക്തിപ്പെടുത്തണം. ആരോഗ്യത്തിനും വിദ്യാഭ്യാസത്തിനുമായി പ്രത്യേകം സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അത് വിഭജിക്കാനുള്ള നീക്കമാണ് ഈ ബില്ലിലൂടെ നടത്തുന്നത്. സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ തെരഞ്ഞെടുപ്പ് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിയന്ത്രണത്തിലാക്കുന്നതിനുള്ള മറ്റൊരു സുപ്രധാനമായ ഭേദഗതിയും ഈ നിയമത്തിൽ കൊണ്ടുവന്നിട്ടുണ്ട്. റിപ്പോർട്ട് ഓഫ് ദി കമ്മിറ്റി ഫോർ ഇവാലേഷൻ ഓഫ് ഡീസെൻട്രലൈസ്ഡ് പ്ലാനിംഗ് ആന്റ് ഡെവലപ്മെന്റ് എല്ലാ എം.എൽ.എ. മാർക്കും എത്തിച്ചുകൊടുത്തുകൊണ്ട് നിർദ്ദേശങ്ങൾ സമർപ്പിക്കാനാവശ്യപ്പെട്ടത് പ്രശംസനീയമാണ്. ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കിയപ്പോൾ പത്ത് ശതമാനം തുക വിമൻ കംപോണന്റിനുവേണ്ടിമാത്രം നീക്കി വച്ചതുൾപ്പെടെ സ്ത്രീ ശാക്തീകരണത്തിനുവേണ്ടി ധാരാളം നടപടികൾ സ്വീകരിച്ചിട്ടുള്ളത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. സാമൂഹ്യ പുരോഗതി, സ്ത്രീശാക്തീകരണം എന്നിവ ഉറപ്പുവരുത്താൻ ആവശ്യമായ ഭേദഗതിയും ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും മാലിന്യം നിക്ഷേപിക്കുന്നവർക്ക് ശിക്ഷ നൽകുന്നതിനുള്ള വ്യവസ്ഥയും ഈ ബില്ലിലുണ്ട്. പഞ്ചായത്തുകളിലേയും നഗരസഭകളിലേയും കെട്ടിട നികുതി നിർണ്ണയം ശാസ്ത്രീയമാക്കുന്നതിനുള്ള പഠനം നടന്നുകൊണ്ടിരിക്കുകയാണ്. വാർഷിക വാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിട നികുതി നിശ്ചയിക്കുന്ന നിലവിലുള്ള രീതിയിൽ മാറ്റം വരുത്തി ഓരോ കെട്ടിടവും സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പ്രാധാന്യവും മറ്റും കണക്കിലെടുത്തുകൊണ്ട്

നികുതി നിരക്ക് നിശ്ചയിക്കാൻ അതതു തദ്ദേശസ്ഥാപനങ്ങൾക്ക് അധികാരം നൽകുന്ന വ്യവസ്ഥയാണ് ബില്ലിനകത്തുള്ളത്. കെട്ടിടത്തിന്റെ വലിപ്പം, കെട്ടിടം നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്ന വസ്തുക്കളുടെ സ്വഭാവം, കാലപ്പഴക്കം എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ നികുതിദായകനും കെട്ടിടത്തിന്റെ നികുതി സ്വയം തിട്ടപ്പെടുത്തുന്നതിന് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഓരോ നികുതിദായകനും ഈ മാനദണ്ഡങ്ങളെ അടിസ്ഥാന പ്പെടുത്തി കെട്ടിട നികുതി അടച്ചാൽ സെക്രട്ടറി അത് പരിശോധിച്ച് മാറ്റ മുണ്ടെങ്കിൽ അതനുസരിച്ച് തുക അഡ്ജസ്റ്റ് ചെയ്യും. സെക്രട്ടറിയുടെ തീരു മാനത്തിൽ ആക്ഷേപമുള്ളപക്ഷം ഭരണ സമിതിക്ക് അപ്പീൽ നൽകാനുള്ള വ്യവസ്ഥയുമുണ്ട്. നികുതി, ഉപ നികുതി ഇവയിൽനിന്ന് ഒഴിവാക്കാൻ അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധികാരം കൊടുക്കുന്ന വ്യവസ്ഥയും ചില മാനദണ്ഡങ്ങൾക്ക് വിധേയമായി കൊണ്ടുവന്നിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ നികുതി പിരിവ് കുറേക്കൂടി ശാസ്ത്രീയ മാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഈ ബില്ലിലുണ്ട്. ഫ്ളാറ്റുകൾക്ക് നികുതി ഏർപ്പെടുത്തുന്നതിന് പ്രത്യേക വ്യവസ്ഥ ഉണ്ടാക്കണം. വനിതകൾക്ക് നിലവിൽ 33 ശതമാനം സംവരണം എന്നത് 50 ശതമാനമായി ഉയർത്തുന്ന ഏറ്റവും പുരോഗമനപരമായ ഒരു നിയമനിർമ്മാണത്തെ അതിന്റെ സ്പിരിറ്റിൽ ഉൾക്കൊള്ളാൻ ഭരണപ്രതിപക്ഷകക്ഷിഭേദമെന്യേ എല്ലാവരും തയ്യാറാകണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, 2009-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇൻഡ്യയൊട്ടാകെ ത്രിതല പഞ്ചായത്തു സമിതിയിൽ 50 ശതമാനം സ്ത്രീ സംവരണം വരുന്നു എന്ന്

കേട്ടപ്പോൾത്തന്നെ ഇതിനായി ഒരു ബിൽ കൊണ്ടുവരാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറായതിനെ സ്വാഗതം ചെയ്യുന്നു. സംസ്ഥാനത്തെ വാർഡ് ഡീ-ലിമിറ്റേഷൻ നടപടികൾ സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷനെ ഏൽപ്പിക്കണം. 2001-ലെ സെൻസസ് അനുസരിച്ച് ഡീ-ലിമിറ്റേഷൻ നടത്തുന്നത് ശരിയായ സമീപനമല്ല. പഞ്ചായത്തുകളെ ഭൂമിശാസ്ത്രപരമായി കൂട്ടിച്ചേർക്കുന്നതിന് നടപടി സ്വീകരിക്കണം. ജനസംഖ്യയുടേയും വരുമാനത്തിന്റേയും അടിസ്ഥാനത്തിൽ 'എ' ഗ്രേഡ് മുനിസിപ്പാലിറ്റികളെ കോർപ്പറേഷൻ ആക്കുന്നതിനെ സംബന്ധിച്ച് പരിശോധിക്കണം. പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കാനും അവ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനുമുള്ള നടപടി സ്വീകരിക്കണം. വേസ്റ്റ് മാനേജ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കാവശ്യമായ സാമ്പത്തിക സഹായം നൽകണം. ജല മാലിന്യങ്ങൾ ഒഴിവാക്കുന്നതിനായി ജല സ്രോതസ്സുകളും ജലാശയ പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കാൻ നടപടി സ്വീകരിക്കണം. ജലാശയങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ജല ജാഗ്രതാ സമിതികൾ രൂപീകരിക്കണം. ജലാശയങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുവേണ്ടി നിയമപരമായ നടപടി എടുക്കുകയോ ക്വാസി ഗവൺമെന്റൽ സ്ഥാപനങ്ങൾ, എൻ.ജി.ഒ. ജല വിദഗ്ദ്ധർ തുടങ്ങിയവയുടെയോ സഹായം തേടുന്നതിനെ സംബന്ധിച്ച് ആലോചിക്കണം. സേവന നികുതി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. വി.ഡി. സതീശൻ:</u> ഈ ഭേദഗതി നിയമത്തിൽ ക്ലാസ് 9-ൽ 53-ാം വകുപ്പിനുള്ള ഭേദഗതിയിലും ക്ലാസ് 10-ലെ 54-ാം വകുപ്പിനുള്ള ഭേദഗതിയിലും പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കും വനിതാ പ്രാതിനി

ധ്യത്തിന് ആനുപാതികമായ സംവരണം നൽകണം. ക്ലാസ് 20-ൽ 230-ാം വകുപ്പിനുള്ള ഭേദഗതിയിൽ നിലവിലുള്ള കെട്ടിട നികുതിക്കും വസ്തു നികുതിക്കും പുറമെ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കു കളും ഡ്രെയിനേജും എന്നിവയ്ക്ക് ഏർപ്പെടുത്തിയിരിക്കുന്ന സേവന നികുതി പിൻവലിക്കണം. തദ്ദേശ ഭരണ വകുപ്പിൽ നിന്നും പ്രാദേശിക ഭരണ സമിതികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാത്തതു കാരണം ഭൂരിപക്ഷംവരുന്ന പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും സോളിഡ് വേസ്റ്റ് മാനേജുമെന്റിന്റെ പേരിൽ ലക്ഷക്കണക്കിന് രൂപയുടെ ദുർവ്യയം നടക്കുന്നതിന് പരിഹാരം കാണണം. ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെയുള്ള പീനൽ പ്രൊവിഷൻ കുറച്ചു കൂടി ശക്തമാക്കണം. ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെ ജാമ്യമില്ലാത്ത പീനൽ പ്രൊവിഷൻ വയ്ക്കണം. വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് നദീജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി റിവർ അതോറിറ്റികൾ രൂപീകരിക്കണമെന്ന പരിസ്ഥിതി സമിതിയുടെ ശുപാർശ ഗവൺമെന്റ് ഗൗരവമായി പരിശോധിക്കണം. ട്രീറ്റുമെന്റ് പ്ലാന്റുകൾ സ്ഥാപിച്ച് സ്വീവറേജ് ഫാമിലെ ജലം മാലിന്യമുക്തമാക്കിയതിനുശേഷം മാത്രം നദികളിലേയ്ക്ക് ഒഴുക്കുന്നതിനുള്ള സംവിധാനമുണ്ടാകണം. ഇതു മായി ബന്ധപ്പെട്ട ചട്ടങ്ങൾ രൂപീകരിക്കുമ്പോൾ എങ്ങനെയാണ് ഇത് ഇംപ്ലിമെന്റ് ചെയ്യേണ്ടത് എന്നുള്ളതുസംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശ ങ്ങളുണ്ടാകണം. ഈ നിയമ പ്രകാരം മുനിസിപ്പാലിറ്റി സെക്രട്ടറിയും പഞ്ചായത്ത് സെക്രട്ടറിയും ടാക്സ് അസ്സസ്മെന്റിന്റെ അധികാരികളായി മാറുന്ന സാഹചര്യത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾക്കുകൂടി ഇതിനുള്ള അധികാരം നൽകണം. 35% പ്ലാൻ ഫണ്ട് തദ്ദേശഭരണ സ്ഥാപന

ങ്ങൾക്ക് കൊടുക്കാതെ ധനവിനിയോഗത്തിനുള്ള പ്രാദേശിക ഗവൺമെന്റു കളുടെ സാധ്യതകളെ നിയന്ത്രിക്കുകയാണ് ഈ ഗവൺമെന്റ് ചെയ്തത്. വികസനത്തിനുവേണ്ടി പ്ലാൻ ഫണ്ടിൽ നിന്നും കൊടുക്കുന്ന തുക വിനിയോഗിക്കാനുള്ള അധികാരംകൂടി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകണം. തദ്ദേശസ്വയംഭരണവകുപ്പും പി.ഡബ്ള്യൂ.ഡി.യും മുൻകൈ എടുത്ത് പ്രാദേശിക ഭരണ സംവിധാനങ്ങൾക്ക് തിരിച്ചു കൊടുത്ത മുഴുവൻ റോഡുകളും പി.ഡബ്ള്യൂ.ഡി.യിൽ തന്നെ നിലനിറുത്തി എം.ഡി.ആർ ആക്കി മാറ്റാനുള്ള നടപടികൾ സ്വീകരിക്കണം. ഈ ബില്ലിലെ വനിതാ സംവരണത്തേയും മാലിന്യ നിർമ്മാർജ്ജനവും ശുചീകരണവുമായി ബന്ധപ്പെട്ട കാര്യങ്ങളേയും അനുകൂലിക്കുകയും ടാക്സ് ഏർപ്പെടുത്താനുള്ള പുതിയ സംവിധാനത്തെ എതിർക്കുകയും ചെയ്യുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി <u>(ശ്രീ. പാലോളി മുഹമ്മദ് കുട്ടി):</u> വിദ്യാഭ്യാസ ആരോഗ്യ മേഖലകളുടെ പ്രാധാന്യം കണക്കി ലെടുത്താണ് സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചത്. 5 ശതമാനം മുതൽ 10 ശതമാനം വരെയാണ് നികുതി വർദ്ധനവ് ഏർപ്പെടുത്തിയിരിക്കുന്നത്. നിലവിലുള്ള നികുതിയുടെ 60 ശതമാനത്തിൽ കൂടുതൽ വർദ്ധിപ്പിക്കാൻ പാടില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. സെക്രട്ടറിമാർക്ക് നൽകിയിരിക്കുന്ന അധികാരം ദുർവിനിയോഗം ചെയ്യുന്നതായി പരാതിയുണ്ടെങ്കിൽ ഭരണസമിതി അത് പരിശോധിക്കുന്നതാണ്. മാലിന്യങ്ങൾ നിക്ഷേപിക്കുന്നവർക്കുള്ള ശിക്ഷണ നടപടികളിൽ ആവശ്യമെങ്കിൽ മാറ്റം വരുത്താവുന്നതാണ്. വാർഡ് വിഭജനം സംബന്ധിച്ച എല്ലാ കാര്യങ്ങളും സുതാര്യമായിരിക്കും. അധികാരവികേന്ദ്രീകരണ രംഗത്ത് സംസ്ഥാനം വളരെ മുന്നോട്ടുപോയിട്ടുണ്ടെങ്കിലും ഇപ്പോൾ

അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി തദ്ദേശഭരണസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ ഭേദഗതിയാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. 50 ശതമാനം സംവരണം വനിതകൾക്ക് നൽകുക വഴി സ്ത്രീ ശാക്തീകരണം കൂടുതൽ ശക്തമാകും. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

2009-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും സഹകരണവും സംബന്ധിച്ച IX -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ ഉച്ചയ്ക്കുശേഷം 3.24-ന് പിരിഞ്ഞു.